(ബി) പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ പൂർണ്ണ പ്രവർത്തനത്തിന് ആവശ്യമായ തുക ലഭിക്കുന്നതിനുവേണ്ടി ഒരു വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി എസ്.എൽ.എസ്.എസ്.സി.-യുടെ അനുമതിക്കായി സമർപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

തടയണകളുടെ നിർമ്മാണം

136(836) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിയംകുളം ഗ്രാമപഞ്ചായത്തിലെ മാണ്ണന്തറ സ്റ്റീൽ തടയണയുടെ പ്രവർത്തന പുരോഗതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത തടയണയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത തടയണയുടെ പ്രവർത്തനം എന്നാണ് ഇടങ്ങിയതെന്നും, എന്നത്തേയ്ക്ക് പൂർത്തികരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും, ആയതിന്റെ പ്രയോജനം ഏതു ജനങ്ങൾക്ക് ലഭിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കൊച്ചിൻ പാലത്തിന് സമീപത്തുള്ള തടയണയുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തികരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കും; പ്രസ്തുത തടയണയുടെ എസ്റ്റിമേറ്റ് തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ എത്രയാണ്; അവശേഷിക്കുന്ന ബാക്കി തുക അടിയന്തരമായി അനുവദിച്ച് പ്രസ്തുത തടയണ കമ്മീഷൻ ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തടയണ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതോടുകൂടി ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വാണിയംകുളം ഗ്രാമപഞ്ചായത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ മണ്ണന്തറയിൽ 489.44 ലക്ഷം രൂപ മുടക്കി ഒരു ചെക്ക് ഡാം നിർമ്മിക്കാനുള്ള ഭരണാനുമതി നൽകുകയും, ഇതിന്റെ പ്രവർത്തനം കെ.ഐ.ഐ.ഡി.സി.-യെ ഏൽപ്പിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ മാർച്ച് 2014-ൽ ആരംഭിക്കുകയുണ്ടായി. നിലവിൽ ഇതിനുവേണ്ട സ്റ്റീൽ ഷീറ്റ് പൈലുകൾ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവനായും സംഭരിക്കുകയും അതിൽ 95 ശതമാനം ഷീറ്റ് പൈലുകളും ഡിസൈനിൽ പറഞ്ഞ പ്രകാരം പുഴയുടെ അടിത്തട്ടിലേക്ക് അടിച്ചിറക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി അനുബന്ധപ്പെട്ട മറ്റ് പ്രവൃത്തികളായ Gabbion Boxex കരിങ്കല്ല് നിറച്ച് ഡിസൈൻ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഉറപ്പിച്ചുവയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. പ്രസ്തുത ചെക്ക് ഡാമിന്റെ പ്രവൃത്തി പൂർണ്ണമായും 2016 മാർച്ച് 31-നുമുമ്പ് തീർക്കാനാണ് ഉദ്ദേശിക്കുന്നത്. ഇങ്ങനെ നിർമ്മിക്കുന്ന ചെക്ക് ഡാംമൂലം തെട്ടിനിൽക്കുന്ന ജലത്തിന്റെ ലഭ്യത ഇരുകരകളിലെ ജനങ്ങൾക്കും കുടിവെള്ളത്തിനും കൃഷിക്കും ലഭ്യമാകുന്നതാണ്.

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കൊച്ചിൻ പാലത്തിന് സമീപത്തുള്ള ചെറുതുരുത്തി തടയണയുടെ പ്രവൃത്തിയുടെ നിലവിലുണ്ടായിരുന്ന കരാർ റദ്ദ് ചെയ്തതാണ്. ടി തടയണയ്ക്ക് 5 കോടി രൂപയുടെ ഭരണാനുമതി 2007-ൽ നൽകിയിട്ടുണ്ട്. അതിൽ 2.80 കോടി രൂപ ചെലവഴിച്ചു. ടി തടയണയുടെ ബാക്കിയുള്ള പണികളുടെ 14.50 കോടി രൂപയുള്ള എസ്റ്റിമേറ്റ് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്ന് ഭരണാനുമതി ലഭിക്കുന്നതിലേക്കായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ചെറുതുരുത്തി തടയണ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതോടുകൂടി ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ഷൊർണ്ണൂർ മുൻസിപ്പാലിറ്റി, വാണിയംകുളം പഞ്ചായത്ത് എന്നീ സ്ഥലങ്ങളിലെ 950 ഹെക്ടർ പ്രദേശത്തെ കുടിവെള്ളത്തിനും ജലസേചനത്തിനും പ്രയോജനം ചെയ്യും.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

137(837) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വഴി നടപ്പാക്കുന്ന, ഒരു പഞ്ചായത്തിൽ, ഒരു കുളം പദ്ധതി പ്രകാരം കുന്നംകുളം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിച്ചിട്ടുള്ളത്;

(ബി) അവയുടെ പേരു വിവരവും അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(സി) ജല ലഭ്യതയുള്ള നിരവധി കുളങ്ങൾ നവീകരണം നടത്താനുണ്ട് എന്നത് കണക്കിലെടുത്ത് അവ നവീകരിക്കുന്നതിന് തുക അനുവദിച്ച് ഭരണാനുമതി നൽകുമോ;

(ഡി) ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly